**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4272** **06-03-2023 - ൽ മറുപടിയ്ക്ക്**

**എം.സി.റോഡ് നാലുവരിയാക്കലും പെരുമ്പാവൂർ ബൈപാസ് നിർമ്മാണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട പെരുമ്പാവൂർ ബൈപാസും എം.സി. റോഡും സന്ധിക്കുന്ന സ്ഥലത്ത് ഗ്രേഡ് സെപ്പറേറ്റഡ് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പെരുമ്പാവൂർ ബൈപാസിന്റെ അംഗീകൃത അലൈൻമെന്റ് പ്രകാരം എം.സി റോഡുമായി അറ്റ് ഗ്രേഡ് (ഒരേ നിരപ്പിൽ) ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പിന്നീട് എം.സി റോഡും ബൈപാസും ബന്ധിക്കുന്ന സ്ഥലത്ത് ഗതാഗതക്കുരുക്ക് ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ, അലൈൻമെന്റ് പുനഃപരിശോധിക്കുന്നതിന് കിഫ്ബി നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവിധ ഓപ്ഷനുകൾ സംബന്ധിച്ച് NATPAC അധികൃതരുമായി 10/11/2022, 21/12/2022 തീയതികളിൽ കിഫ്ബി ചർച്ച നടത്തിയിരുന്നു. 03/03/2023-ന് ബഹു. എം.എൽ.എയുടെ സാന്നിധ്യത്തിൽ കിഫ്ബി NATPAC, നിർവ്വഹണ ഏജൻസിയായ (SPV) RBDCK അധികൃതരുമായി നടത്തിയ യോഗത്തിൽ പ്രസ്തുത പ്രവൃത്തി ആദ്യം വിഭാവനം ചെയ്ത പോലെ അറ്റ് ഗ്രേഡ് ആയി തന്നെ എം.സി റോഡിനെ ക്രോസ് ചെയ്യും, നിലവിലുള്ള എം.സി റോഡ് എലിവേറ്റ് ചെയ്ത് ബൈപാസിനു മുകളിലൂടെ നൽകാമെന്നും, എന്നാൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് എം.സി റോഡ് വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസലും, എം.സി റോഡിന് സമാന്തരമായി 'ഗ്രീൻ ഫീൽഡ് ഹൈവേ' പ്രൊപ്പോസലും നിലവിലുള്ളതിനാൽ എം.സി റോഡ് ഫ്ലൈ ഓവർ നിർമ്മാണം അടുത്ത ഘട്ടത്തിൽ പരിഗണിക്കാമെന്നുമാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | പെരുമ്പാവൂർ ബൈപാസ് രണ്ടാം ഘട്ട പൂർത്തീകരണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | പെരുമ്പാവൂർ ബൈപാസ് നിർമ്മാണത്തിനും ഭൂമിയേറ്റെടുക്കലിനുമായി 16/12/2017-ലെ APR-2/136/2017/KIIFB നമ്പർ ഉത്തരവ് പ്രകാരം 133.24 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തി രണ്ട് ഘട്ടങ്ങളായി തിരിച്ച് 26/03/2022-ലെ PWD007-01/APR-2/2022/KIIFB പ്രകാരം ധനാനുമതി 301.71 കോടി |

| | | | |
|---|---|---|---|
| | | | രൂപയായി പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ രണ്ടാം ഘട്ടത്തിന്റെ ഭൂമിയേറ്റെടുക്കലിനായി വകയിരുത്തിയിട്ടുള്ള 71.668 കോടി രൂപയും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ